# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1345 | 13.12.2012 ൽ - മറുപടിക്ക്

## കരിഞ്ചന്ത തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നതു തടയാൻ ഫുഡ് കോർപ്പറേഷനിൽ നിന്നും റേഷൻ മൊത്ത വിതരണ കേന്ദ്രത്തിലേയ്ക്ക് പോകുന്ന ലോറികളിൽ ജി.പി.ആർ. എസ്. ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതുമായി ബന്ധപ്പെട്ട് 89 കേസുകൾ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ? | (സി) | പിടിച്ചെടുത്ത റേഷൻസാധനങ്ങൾ പൊതു വിതരണ ശൃംഖല വഴി വിറ്റഴിച്ച് തുക സർക്കാരിലേക്ക് ഒടുക്കുകയും കുറ്റക്കാർക്കെതിരെ ഇ.സി. ആക്ട് പ്രകാരം പോലീസ് കേസുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട റേഷൻ കടയുടമകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ